>> ചിന്താവിഷയം

● ഒ.പി അബ്ദുസ്സലാം

# കപ്പലിനെ മുക്കുന്നത്

**വര്‍ത്തമാനകാല** ഇസ്‌ലാമികലോകത്തിന്റെ ചിത്രങ്ങള്‍ ഏതൊരാളെയും വല്ലാതെ നൊമ്പരപ്പെടുത്തുന്നതാണ്. അമേരിക്കയിലെ വേള്‍ഡ് ട്രേഡ് സെന്ററിന്റെ പതനത്തിനു ശേഷം കുരിശുയുദ്ധം പ്രഖ്യാപിച്ച് ജോര്‍ജ് ബുഷും കൂട്ടാളികളും അഫ്ഗാനിലും ഇറാഖിലും അഴിച്ചുവിട്ട നരനായാട്ടുകള്‍ക്ക് ലോക ചരിത്രത്തില്‍ തന്നെ തുല്യത കാണില്ല. ഇതെല്ലാം കണ്ട് നിരാശപ്പെടുകയും ദുഃഖിതനാവുകയും ചെയ്ത ദക്ഷിണാഫ്രിക്കയിലെ എന്റെ ഒരു ശിഷ്യന്‍ എഴുതിയതിങ്ങനെയാണ്: "നാം മുസ്‌ലിംകള്‍ വെന്റിലേറ്ററിന്റെ സഹായത്തോടെ അന്ത്യനിമിഷങ്ങള്‍ എണ്ണിക്കഴിയാന്‍ വിധിക്കപ്പെട്ടവരാണെന്നു തോന്നുന്നു. പക്ഷേ, ഈ വിഷമസന്ധിയിലും അല്ലാഹുവിന്റെ സഹായം നമുക്ക് ലഭിക്കുന്നില്ലല്ലോ? വിശുദ്ധ ഖുര്‍ആനില്‍, പരീക്ഷണകാലത്ത് അല്ലാഹു നമ്മുടെ സഹായത്തിനെത്തുമെന്ന് വ്യക്തമാക്കുന്ന ധാരാളം സൂക്തങ്ങളുണ്ടുതാനും."

അല്ലാഹുവിന്റെ സഹായം ലഭിക്കുമെന്നത് ഉറപ്പ്. പോയകാലചരിത്രത്തില്‍ അതിനു എത്രയെങ്കിലും തെളിവുകളുണ്ട്. പക്ഷേ, അതാര്‍ക്ക്? സംശുദ്ധമായ ഇസ്‌ലാമിക സംസ്കൃതിയുടെയും പവിത്രമായ ദൈവികാദര്‍ശത്തിന്റെയും ആള്‍രൂപങ്ങളായ വിശ്വാസികള്‍ക്ക് മാത്രമേ ദൈവികസഹായം ലഭിക്കൂ. ഈ ആശയമാണ് ഖുര്‍ആനിലെ *അല്‍മുഅ്മിനൂന്‍* അധ്യായത്തിലെ ഒന്നു മുതല്‍ പതിനൊന്നുവരെയുള്ള ആയത്തുകള്‍ വ്യക്തമാക്കുന്നത്. പ്രവാചക കാലത്തെ യുദ്ധങ്ങളിലും ഒന്നാം ഖലീഫ അബൂബക്കറി(റ)ന്റെ മുര്‍തദ്ദുകളുമായുള്ള പോരാട്ടങ്ങളിലും മറ്റനവധി സന്ദര്‍ഭങ്ങളിലും അല്ലാഹു വിശ്വാസികളെ കൈയയച്ചു സഹായിച്ചിട്ടുണ്ട്. ഭൗതിക മാനദണ്ഡം വെച്ച് അളക്കുമ്പോള്‍ യാതൊരു നിലക്കും മുസ്‌ലിംകള്‍ വിജയിക്കാന്‍ നിവൃത്തിയില്ലാത്ത യുദ്ധങ്ങളിലൊക്കെ അവരെ തുണച്ചത് അവരുടെ ആദര്‍ശപ്രതിബദ്ധത ഒന്നു മാത്രമായിരുന്നു. ഈയൊരു ഭൂമികയില്‍നിന്നുവേണം വര്‍ത്തമാന കാല സംഭവങ്ങളെ വിലയിരുത്താന്‍.

ശത്രുക്കളുടെ എതിര്‍പ്പ് സ്വാഭാവികമാണ്. ഇസ്‌ലാമിന്റെ ആവിര്‍ഭാവ കാലം മുതല്‍ക്കെ നാമത് കണ്ടതുമാണ്. മുഖ്യമായും രണ്ടു കാരണങ്ങളാലാണ് ശത്രുത. ഒന്ന്, പ്രകൃത്യാ തന്നെ ഇസ്‌ലാം മാനുഷിക പ്രശ്നങ്ങളില്‍ ഇടപെടുന്നു. സമഗ്രമായ മാറ്റത്തിന് വിപ്ലവാഹ്വാനം മുഴക്കുന്നു. അഥവാ ഇസ്‌ലാം ജനിക്കുമ്പോള്‍തന്നെ അതിന്റെ ശത്രുക്കള്‍ക്കും ജന്മം കൊടുത്തിരുന്നു. രണ്ട്, കടുത്ത അസൂയ. ജൂത-ക്രിസ്തീയ മതവിഭാഗങ്ങള്‍ മദീനയും സ്പെയ്നും കോണ്‍സ്റ്റാന്റിനോപ്പിളും മുസ്‌ലിംകളുടെ കീഴില്‍ വന്ന നാള്‍മുതല്‍ കഠിനമായ വിദ്വേഷവും അസൂയയും വെച്ചു പുലര്‍ത്തുന്നവരാണ്. ഇടക്കാലത്ത് സ്പെയിന്‍ തിരിച്ചുപിടിച്ചിട്ടും 1924-ല്‍ ഖിലാഫത്ത് തകര്‍ത്തിട്ടും മുസ്‌ലിംകളോടുള്ള ശത്രുക്കളുടെ അമര്‍ഷവും വിദ്വേഷവും ഒട്ടും കുറഞ്ഞിട്ടില്ല, കൂടിയിട്ടേയുള്ളൂ. അതുകൊണ്ട് ലോകത്തിന്റെ പല ഭാഗങ്ങളില്‍ ഇസ്‌ലാമിനും മുസ്‌ലിംകള്‍ക്കും നേരെ അഴിച്ചുവിടപ്പെട്ട വിവിധ വിധ്വംസക പ്രവൃത്തികളില്‍ അസ്വാഭാവികമായി യാതൊന്നുമില്ല. നേരെ മറിച്ച് ഇസ്‌ലാമിന്റെ നേരെ അതിന്റെ സ്വന്തം മക്കള്‍തന്നെ ചെയ്തുകൂട്ടിയ അതിക്രമങ്ങളും ഉപജാപങ്ങളുമാണ് അസ്വാഭാവികവും അചിന്തനീയവും വേദനാജനകവുമായിട്ടുള്ളത്.

നാലാം ഖലീഫ അലി(റ)യുടെ ഭരണകാലത്തുതന്നെ മുസ്‌ലിം സമുദായം ശീഈ, സുന്നീ എന്നിങ്ങനെ നെടുകെ പിളര്‍ത്തപ്പെട്ടു. ഇന്നും മുസ്‌ലിം സമൂഹം ഈ മഹാദുരന്തത്തിന്റെ കയ്പുനീര്‍ കുടിച്ചിറക്കിക്കൊണ്ടിരിക്കുന്നു. നബി(സ)ക്കു ശേഷം പൊട്ടിപ്പുറപ്പെട്ട ഒന്നാമത്തെ ഖിയാമത്ത് (മഹാ വിപത്ത്) ആയിരുന്നു ഇതെന്ന് വിശേഷിപ്പിച്ച ഗ്രന്ഥകാരന്മാര്‍ പോലുമുണ്ട്. ആരുടെ കൈയാണ് ഈ സംഭവത്തിന്റെ പിന്നില്‍ പ്രവര്‍ത്തിച്ചത്? അന്‍സ്വാറുകളെയും മുഹാജിറുകളെയും അപേക്ഷിച്ച് വൈകി ഇസ്‌ലാമിലെത്തി ച്ചേര്‍ന്ന ഒരു വ്യക്തിയിലേക്കാണ് മിക്ക പണ്ഡിതന്മാരും വിരല്‍ ചൂണ്ടുന്നത്.

മുസ്‌ലിം ചരിത്രത്തില്‍ മറ്റൊരു കറുത്ത അധ്യായമാണ് താര്‍ത്താരികളുടെ ബഗ്ദാദ് ആക്രമണം. ഈ ആക്രമണത്തില്‍ അനവധി മുസ്‌ലിംകള്‍ ക്രൂരമായി വധിക്കപ്പെട്ടു. അമൂല്യങ്ങളായ നിരവധി ഗ്രന്ഥശേഖരങ്ങളും പ്രസിദ്ധങ്ങളായ ഒട്ടേറെ സാംസ്കാരിക കേന്ദ്രങ്ങളും ചുട്ടുകരിക്കപ്പെട്ടു. ഒരു അറബി സാഹിത്യകാരന്‍ എഴുതി: "മുസ്‌ലിം യുവതീ യുവാക്കളുടെ ചോരകൊണ്ട് യൂഫ്രട്ടീസ് ചെഞ്ചായമണിഞ്ഞു. ബൃഹത്തായ നിരവധി ഗ്രന്ഥങ്ങള്‍ കത്തിച്ച വെണ്ണീര്‍ കൊണ്ട് ടൈഗ്രീസ് നദി ചാരനിറമണിഞ്ഞു." മനസ്സാക്ഷിയുള്ളവരെ ഞെട്ടിക്കുന്ന ഈ സംഭവത്തിന് രംഗപശ്ചാത്തലമൊരുക്കിയ 'സൂത്രശാലി' മുഅയ്യിദുദ്ദീന്‍ അല്‍ അല്‍ഖമി എന്നു പേരുള്ള ഒരു മുസ്‌ലിം മന്ത്രിയായിരുന്നു.

പ്രവാചകനെ അപഹസിച്ചുകൊണ്ട് ചില യൂറോപ്യന്‍ രാജ്യങ്ങളില്‍ കാര്‍ട്ടൂണ്‍ പ്രസിദ്ധീകരിച്ചത് മുസ്‌ലിം ലോകത്തെ ഇളക്കിമറിക്കുകയുണ്ടായി. ഇപ്പോഴും അതിന്റെ അലയൊലികള്‍ അടങ്ങിയിട്ടില്ല. എന്നാല്‍ ഏതാനും വര്‍ഷം മുമ്പ് നബിയെ പരസ്യമായി പരിഹസിക്കുന്ന കാര്‍ട്ടൂണ്‍, 92 ശതമാനം മുസ്‌ലിംകളുള്ള ഈജിപ്തില്‍ പ്രത്യക്ഷപ്പെടുകയുണ്ടായി. 1924-ല്‍ ഖിലാഫത്ത് തകര്‍ക്കാന്‍ മുന്നില്‍ നിന്ന മുസ്ത്വഫാ കമാല്‍പാഷയടക്കം ഈ ഇനത്തില്‍ ഇനിയും ധാരാളം ഉദാഹരണങ്ങള്‍ ഉദ്ധരിക്കാനാവും. ചുരുക്കത്തില്‍, ഇസ്‌ലാമിനെയും മുസ്‌ലിംകളെയും അപകടപ്പെടുത്തുന്നതില്‍ ഇസ്‌ലാമിനു പുറത്തുള്ളവര്‍ക്കു മാത്രമല്ല പങ്ക്. ചെറുതല്ലാത്ത പങ്കാളിത്തം എന്തിന്റെ പേരിലായാലും മുസ്‌ലിംകള്‍ക്കുമുണ്ട്. ഒരു അമേരിക്കന്‍ പഴമൊഴി ഓര്‍മവരുന്നു: 'വെള്ളത്തിലുള്ള കപ്പലല്ല, കപ്പലിലുള്ള വെള്ളമാണ് അതിനെ മുക്കുന്നത്.' ■